ഭരണഭാഷ- മാതൃഭാഷ

നം.TRY/737/2020-P2

ട്രഷറി ഡയറക്ടറേറ്റ്

തിരുവനന്തപുരം,

തീയതി: 06-05-2024

സർക്കുലർ നമ്പർ 06/2024

ട്രഷറികളിൽ നിന്നും ആവശ്യമായ പരിശോധനകൾ നടത്താതെ പ്രതിമാസ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻ പരിഷ്കരണ കുടിശ്ശികയും വിതരണം ചെയ്യുന്നതായി വിവിധ ആഭ്യന്തര പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാതികളുമായി പെൻഷൻകാർ സർക്കാരിനേയും കോടതിയേയും സമീപിക്കുന്നുമുണ്ട്. ഇത്തരത്തിൽ സർക്കാർ പണം അധികമായി നൽകുന്നത് മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിനേയും പെൻഷൻ വിതരണത്തിന്റെ കാര്യക്ഷമതയേയും പ്രതികൂലമായി ബാധിക്കുന്നതാണ്. കൂടാതെ ആയത് പിന്നീട് ജീവനക്കാരുടെ ബാധ്യതയായി വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ട്രഷറി ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്.

1. സർവ്വീസ് പെൻഷണറുടെ പേരിൽ അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ചു നൽകിയിട്ടുള്ള പി.പി.ഒ. പ്രകാരം(പി.പി.ഒ-യിൽ കുടുബ പെൻഷണറുടെ പേര് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ) ജീവിതപങ്കാളിക്ക് മാത്രമേ കുടുംബ പെൻഷൻ നൽകുവാൻ നിലവിലെ ചട്ടങ്ങൾ അനുവദിക്കുന്നുള്ളൂ. മറ്റ് കുടുംബാംഗങ്ങൾക്ക് കുടുംബ പെൻഷന് അർഹതയുണ്ടെന്ന് PPO-യിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും പ്രസ്തുത വ്യക്തിയുടെ പേരിൽ അംഗീകരിച്ച് നൽകുന്ന (Re-issue ചെയ്ത് ലഭിക്കുന്ന) പുതിയ പി.പി.ഒ ആവശ്യമാണ്.

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

2. കുടുംബ പെൻഷൻ ലഭിക്കുന്ന ജീവിതപങ്കാളിയുടെ മരണശേഷം/ ജീവിതപങ്കാളിക്ക് കുടുംബ പെൻഷനുള്ള അർഹത നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, കുടുംബത്തിലെ മറ്റേതെങ്കിലും അവകാശിക്ക് കുടുംബ പെൻഷൻ ലഭിക്കാൻ അർഹതയുള്ളപക്ഷം അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും പ്രസ്തുത വ്യക്തിയുടെ പേരിൽ അംഗീകരിച്ച് നൽകുന്ന (Re-issue ചെയ്ത് ലഭിക്കുന്ന) പുതിയ പി.പി.ഒ ആവശ്യമാണ്.

3. KSR Part III, ചട്ടം 90 (6) (c) പ്രകാരം "Eldest eligible Son/daughter (in the order of seniority) till marriage or till attaining the age of 25 years or till he/she gets employed, whichever is earlier" എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കുടുംബ പെൻഷണർക്ക് ഈ ചട്ടത്തിലെ നിബന്ധനകളിൽ **25 വയസ്സ് പൂർത്തിയാകുന്ന ദിവസമാണ് ആദ്യം വരുന്നതെങ്കിൽ ഉടൻ തന്നെ പ്രസ്തുത പെൻഷൻ നിർത്തലാക്കേണ്ടതാണ്.** പിന്നീട് KSR Part III, ചട്ടം 90 (6) (e) "Unmarried daughters above 25 years" പ്രകാരം പ്രസ്തുത വ്യക്തിക്ക് കുടുംബ പെൻഷന് അർഹതയുണ്ടെങ്കിൽ അക്കൗണ്ടന്റ് ജനറൽ ആതറൈസ്/Re-issue ചെയ്ത് നൽകുന്ന പുതിയ പിപിഒ അനിവാര്യമാണ്. പ്രസ്തുത പി.പി.ഒ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ തുടർന്ന് നൽകാൻ പാടുള്ളൂ. KSR Part III, ചട്ടം 90 (6) (c), 90 (6) (e) എന്നിവ പ്രകാരം കുടുംബ പെൻഷൻ ലഭിക്കുന്നതിന് പെൻഷണർ ഹാജരാക്കേണ്ട രേഖകളിലും വ്യത്യാസം ഉണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ ആയവ പെൻഷണർ ട്രഷറിയിൽ സമർപ്പിക്കുന്നുവെന്ന് തുടർപെൻഷൻ നൽകുന്നതിന്റെ ഭാഗമായി ഉറപ്പാക്കേണ്ടതുമാണ്.

4. KSR Part III, ചട്ടം 90 (6)(c) പ്രകാരം "Eldest eligible Son/daughter (in the order of seniority) till marriage or till attaining the age of 25 years or till he/she gets employed, whichever is earlier". എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കുടുംബ പെൻഷണർക്ക് രണ്ട് പെൻഷൻ (മാതാവിന്റെയും, പിതാവിന്റെയും) ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ട് പെൻഷന്റെയും ആകെ തുക താഴെ പറയുന്ന തുകയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

a) If both family pension are in the higher rate or if one family pension is in

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

the higher rate and the other in the normal rate, the total of the two shall not exceed 50% of the highest pay in the state scale i.e 50% of ₹1,66,800/- viz., ₹83,400/-.

(b) If both family pensions are in the normal rate, the total of the two shall not exceed 30% of the highest pay in the state scale, i.e., 30% of ₹1,66,800/- viz., ₹50,040/- (KSR Part III, ചട്ടം 90 (7) (b), (a) & (b)).

GO(P)No.425/2007/Fin Dated 14/08/2007 പ്രകാരം മേൽ പ്രതിപാദിച്ച നിരക്കുകൾ KSR Part III, 90 (6) (d)" Children suffering from physical/mental disorder or disability" പെൻഷനും ബാധകമാണ്.

5. KSR Part III, ചട്ടം 90 (6) (e) "Unmarried daughters above 25 years" എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കുടുംബ പെൻഷണർക്ക്; രണ്ട് പെൻഷൻ (മാതാവിന്റെയും, പിതാവിന്റെയും) ഉള്ള വ്യക്തിയാണെങ്കിൽ 25 വയസ്സിന് ശേഷം ഈ രണ്ട് പെൻഷനും കൂടി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. കുടുംബ പെൻഷണർക്ക് ഈ രണ്ട് പെൻഷനുകളിൽ കൂടുതൽ **പ്രയോജനപ്രദമായ ഒരു പെൻഷൻ തെരഞ്ഞെടുക്കാവുന്നതാണ്** (GO(P)No.140/2016/Fin Dated 23/09/2016). ആയതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ആവശ്യമാണ്.

6. KSR Part III, ചട്ടം 90(6) (g) Parents (equal shares) എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കുടുംബ പെൻഷണർക്ക് ചട്ടം 90 (6A) (iii) പ്രകാരം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകള്ളൂ.

7. KSR Part III, ചട്ടം 90 (6) (e) "Unmarried daughters above 25 years", ചട്ടം 90 (6) (g) Parents (equal shares) എന്നീ വിഭാഗങ്ങളിൽ വരുന്ന പെൻഷൻകാർ 21/09/2021-ലെ GO(P)No.127/2021/Fin പ്രകാരമുള്ള വരുമാന സർട്ടിഫിക്കറ്റ് **Annexure-I/II**-ൽ ആണ് ട്രഷറിയിൽ ഹാജരാക്കേണ്ടത്.

8. ജീവിതപങ്കാളി ഒഴികെയുള്ള വിഭാഗത്തിൽപ്പെടുന്ന കുടുംബ പെൻഷൻകാരെയെല്ലാം സ്പെഷ്യൽ കാറ്റഗറി- പെൻഷൻ ടൈപ്പ് 185/184 (shared

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

Pension)-ൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പെൻഷൻകാർ തുടർപെൻഷൻ ലഭിക്കുന്നതിനായി നൽകുന്ന സർട്ടിഫിക്കറ്റുകൾ അതാത് പിപിഒ-യിൽ സൂക്ഷിക്കേണ്ടതാണ്. **ബാങ്ക് അക്കൗണ്ട് മുഖേന പ്രതിമാസ പെൻഷൻ വാങ്ങുന്ന പെൻഷൻകാരുടെ കാര്യത്തിൽ അവർ സമർപ്പിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളും പ്രത്യേക ഫയലിലാക്കി ഫയലിന്റെ പുറത്ത് മാർക്കർ പെൻ ഉപയോഗിച്ച് പെൻഷൻ ടൈപ്പ്, കോഡ്, പേര്, പി.പി.ഒ നമ്പർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും തുടർപരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്.** ഒരോ category പെൻഷൻകാരും നൽകേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ 10/01/2023-ലെ TRY/3632/2022-P1 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്. പെൻഷണർ നിർബന്ധമായും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതെയും ആവശ്യമായ പരിശോധകൾ നടത്താതെയും തുടർ പെൻഷൻ നൽകുന്നത് ഗുരുതര വീഴ്ചയായി കാണക്കാക്കുന്നതാണ്.

9. Life Certificate-കൾ ആവശ്യമായ പരിശോധനകൾക്ക് ശേഷം പി.പി.ഒ-യിൽ സൂക്ഷിക്കേണ്ടതാണ്.

10. അതത് കാലഘട്ടങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പെൻഷൻ തുക മാത്രമേ പാലസ് പെൻഷനായി നൽകുവാൻ പാടുള്ളൂ. പാലസ് കുടുംബ പെൻഷൻ ട്രഷറിയിൽ നിന്നും അനുവദിക്കുവാൻ പാടുള്ളതല്ല.

11. എം.എൽ.എ കുടുംബ പെൻഷൻ ട്രഷറിയിൽ നിന്നും അനുവദിച്ചു നൽകുവാൻ പാടില്ല. നിയമസഭാ സെക്രട്ടറിയേറ്റ് അനുവദിച്ച് അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ചു നൽകിയിട്ടുള്ള പുതിയ പി.പി.ഒ ലഭ്യമാകുന്ന മുറയ്ക്ക് കുടുംബ പെൻഷൻ വിതരണം നടത്താവുന്നതാണ്.

12. **08/11/2010**-നുശേഷം അനുവദിച്ച കേരള സ്വാതന്ത്ര്യസമര സേനാനി തുടർ പെൻഷനോടൊപ്പം കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ഒഴികെയുള്ള മറ്റ് പെൻഷനുകൾ കൈപ്പറ്റുവാൻ പാടുള്ളതല്ല. (GO(P)No.355/2010/GAD തീയതി 08/11/2010, GO(P)No.115/2015/GAD തീയതി 18/04/2015).

13. അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ച് നൽകുന്ന PPO-കളിൽ എക്സ്ഗ്രേഷ്യാ

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

കുടുംബ പെൻഷണറുടെ പേര് രേഖപ്പെടുത്തിയിട്ടുള്ള പക്ഷം പ്രസ്തുത കുടുംബ പെൻഷൻ ട്രഷറിയിൽ നിന്നും അനുവദിച്ച് നൽകാവുന്നതാണ്. പെൻഷണറുടെ ജീവിത പങ്കാളിക്ക് മാത്രമെ കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. (GO(P)No.103/2016/Fin തീയതി 23/07/2016, GO(P)No.190/2016/Fin തീയതി 26/12/2016, GO(P)No.2/2020/Fin തീയതി 04/01/2020)

14. 19/09/2022-ലെ ജി.ഒ.(പി)നം.111/2022/ധന നമ്പർ ഉത്തരവ് പ്രകാരം UGC/AICTE/MES വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ/എക്സ്ഗ്രേഷ്യാ കുടുംബപെൻഷനോടൊപ്പം സംസ്ഥാന നിരക്കിലുള്ള ക്ഷാമാശ്വാസമാണ് അനുവദിക്കേണ്ടത്.

15. പേഴ്സണൽ സ്റ്റാഫ് പെൻഷന് ആയതിന്റെ തുടർച്ചയായി കുടുംബ പെൻഷൻ നൽകാൻ പാടുള്ളതല്ല.

16. 04/05/2022-ലെ ജി. ഒ. (പി) 49/2022/ധന നമ്പർ ഉത്തരവ് പ്രകാരം എക്സ്ഗ്രേഷ്യാ പെൻഷനും പേഴ്സണൽ സ്റ്റാഫ് പെൻഷനും ചേർന്നുള്ള തുക അതത് കാലത്തെ മിനിമം പെൻഷൻ തുകയിൽ അധികരിക്കാൻ പാടില്ല.

17. പെൻഷനും കുടുംബ പെൻഷനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാക്സിമം പെൻഷന് മുകളിൽ അധികരിക്കുവാൻ പാടില്ല.

18. പി.പി.ഒ-യിൽ അക്കൗണ്ടന്റ് ജനറൽ "Minimum Pension time to time" എന്ന് രേഖപ്പെടുത്തിയിട്ടുള്ളപക്ഷം അതത് കാലഘട്ടത്തിലെ പെൻഷൻ പരിഷ്കരണ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന Minimum Pension ആയി പ്രസ്തുത പെൻഷൻ നിജപ്പെടുത്തേണ്ടതാണ്.

19. രണ്ട് പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് ഒരു പെൻഷനിൽ മാത്രമേ മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവ അനുവദിക്കാൻ പാടുള്ളൂ. സർക്കാർ ഉത്തരവിനനുസരിച്ച് ഫെസ്റ്റിവൽ അലവൻസ് യഥാസമയം ലഭ്യമാകാത്തവർക്ക് നടപ്പ് സാമ്പത്തിക വർഷം മാത്രമേ ആയത് വിതരണം ചെയ്യാൻ പാടുള്ളൂ. മുൻപുള്ള സാമ്പത്തിക വർഷത്തെ ഫെസ്റ്റിവൽ അലവൻസ് അനുവദിക്കുന്നതിനായി സർക്കാരിന്റെ

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

മുൻകൂർ അനുമതി ആവശ്യമാണ്.

20. Special Care Allowance, Medical Allowance, Festival Allowance എന്നിവ വിതരണം ചെയ്യുമ്പോൾ 16/06/2021-ലെ 46/2021/ധന നമ്പർ പരിപത്രത്തിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ PPO-ൽ ജനനത്തീയതി ഇല്ലാത്തപക്ഷം 02/07/2021-ലെ 50/2021/ധന നമ്പർ പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പ്രസ്തുത പരിപത്രം പ്രകാരം ട്രഷറികളിൽ നിലവിലുള്ള പി.പി.ഒ-കൾ പരിശോധിക്കേണ്ടതാണ്.

21. ജില്ലാ/സബ് ട്രഷറികളിൽ പെൻഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടെയും പരിപത്രങ്ങളുടെയും കൂടാതെ ട്രഷറി ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും പരിപത്രങ്ങളുടെയും Physical Copy എടുത്ത് ഫയൽ ആയി സൂക്ഷിക്കേണ്ടതും ആയത് സെക്ഷനിലേക്ക് പുതിയതായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് കൈമാറേണ്ടതും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവർക്ക് ആവശ്യമായ പരിശീലനം ജോലിയുടെ ഭാഗമായി തന്നെ പ്രസ്തുത ട്രഷറിയിൽ നിന്നും നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ ട്രഷറി ഓഫീസറും ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ടും സെക്ഷൻ ക്ലാർക്കും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

22. നിലവിലുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചുതന്നെയാണ് ട്രഷറികളിൽ പെൻഷൻ വിതരണം നടത്തുന്നതെന്ന് ആഭ്യന്തര പരിശോധനകളിൽ എല്ലാ പരിശോധന അധികാരികളും ഉറപ്പുവരുത്തേണ്ടതാണ്.

ആവശ്യമായ പരിശോധനകൾ നടത്താതെയും പെൻഷണർ നിർബന്ധമായും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതെയും മസ്റ്ററിങ് ചെയ്യാതെയും പെൻഷൻ വിതരണം നടത്തിയാൽ ബന്ധപ്പെട്ട ജീവനക്കാർകൂടി സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദികളായിരിക്കും.

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am

Signed by V Sajan
Date: 06-05-2024 19:26:01
Reason: Approved

V SAJAN

DIRECTOR

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
3. എല്ലാ സബ് ട്രഷറി ഓഫീസർമാർക്കും
4. എല്ലാ സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും

പകർപ്പ്

1. ഡയറക്ടറുടെ CA/ ജോയിന്റ് ഡയറക്ടർ I & II, അസിസ്റ്റന്റ് ഡയറക്ടർ.
2. എല്ലാ ലെയ്സൺ ഓഫീസർമാർക്കും-ട്രഷറി ഡയറക്ടറേറ്റ്
3. കരുതൽ ശേഖരം

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004

Website: www.treasury.kerala.gov.in, Email:treasury@kerala.gov.in

Ph: 0471-2323963,2322712 , FAX:0471-2324229

Generated from eOffice by RAJAN JOHN, P2 TRY, P2 TRY, TRY on 07/05/2024 11:03 am